# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.957** **10.06.2019 ലെ മറുപടി**

### തോടിന്റെ പാർശ്വഭിത്തികളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി :** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുര ക്കുളത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ പാർശ്വഭിത്തികളുടെ നവീകരണത്തിനും, ജലനിർഗ്ഗമനം സുഗമ മാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുള ത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കു ന്നതിനുള്ള 6.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നല്കിയിട്ടുണ്ട്.<br>തോട്ടിലെ ചെളി നീക്കം ചെയ്യൽ, കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണം ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലും, കോൺക്രീറ്റും ഉപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയുള്ള കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനുള്ള എസ്റ്റി മേറ്റിന് 2019-20 ബഡ്ജറ്റിൽ (വോള്യം -11 ക്രമനമ്പർ 2197) 15 കോടി രൂപയുടെ എസ്റ്റിമേറ്റിന് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. അതിർത്തി നിർണ്ണയത്തിനുശേഷം ഡി.പി.ആർ ലഭ്യമാ ക്കുന്നതനുസരിച്ച് അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഹരിതകേരളം പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഹരിതകേരളം പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട് പ്രവൃത്തികളൊന്നും ഉൾപ്പെടു ത്തിയിട്ടില്ല. |

SRD.

**സെക്ഷൻ ഓഫീസർ**